I.ഇ.ബി. XII-കേരള നിയമസഭ/VII-8

# പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 മാർച്ച് 11, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

(ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ചതിനെത്തുടർന്ന് 9.25-ന് നിറുത്തിവച്ച സഭ 10.45-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും യോഗം ചേർന്നു.)

**മി. സ്പീക്കർ:** ഇന്ന് ചോദ്യോത്തരവേളയിൽ സഭയിലുണ്ടായ സംഭവങ്ങൾ ആവർത്തിക്കപ്പെടാൻ പാടില്ലാത്തതാണ്. നിയമസഭാ നടപടികളിൽ ചോദ്യോത്തരവേളയുടെ പ്രാധാന്യം എടുത്തുപറയേണ്ടതില്ല. സഭയിൽ ചോദ്യം ഉന്നയിച്ചുകഴിഞ്ഞാൽ ബന്ധപ്പെട്ട മന്ത്രിയുടെ മറുപടിയും അതിനുശേഷമുള്ള ഉപചോദ്യങ്ങളും സാധാരണ നടപടിക്രമമാണ്. എന്നാൽ മറുപടി പറയാൻ അനുവദിക്കാതിരിക്കുന്നതും മറുപടി ഇന്ന രീതിയിലായിരിക്കണമെന്ന് ശാഠ്യം പിടിക്കുന്നതും ശരിയായ കീഴ്‌വഴക്കമല്ല.

ചോദ്യോത്തരവേള സുഗമമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഭരണ-പ്രതിപക്ഷ കക്ഷികൾക്കുള്ള ഉത്തരവാദിത്വം ചെയർ ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തുന്നു.

**ശ്രദ്ധ ക്ഷണിക്കൽ**

## (1) പൊതുവിതരണ രംഗത്ത് ചെറുകിട വ്യാപാരികൾ നേരിടുന്ന പ്രശ്നങ്ങൾ

**ശ്രീ. എൻ. ശക്തൻ**: സംസ്ഥാനത്തെ വ്യാപാര രംഗത്ത് കുത്തക വ്യാപാരികളുടെ കടന്നുകയറ്റംമൂലം ചെറുകിട വ്യാപാരികൾ രൂക്ഷമായ പ്രശ്നം നേരിടുകയാണ്. ഇത്തരം സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഏതാണ്ട് മുപ്പത് ലക്ഷം ജീവനക്കാരും രണ്ടര ലക്ഷം ചുമട്ടുതൊഴിലാളികളും ഒന്നര ലക്ഷത്തിലധികം വരുന്ന ലോറി ഉടമകളും അതിലെ ജീവനക്കാരും ഇവരെ ആശ്രയിച്ചാണ് കഴിയുന്നത്. കേരളത്തിലെ പത്തര ലക്ഷത്തോളം വരുന്ന വ്യാപാരികളിൽ അരലക്ഷത്തിന് താഴെ മാത്രമേ വൻകിട കച്ചവടക്കാരുള്ളൂ. സംസ്ഥാന ഖജനാവിന് ഏറ്റവും കൂടുതൽ വരുമാനം ലഭ്യമാകുന്നതും ഏതാണ്ട് അമ്പത് ലക്ഷത്തോളം ആളുകൾ ഉപജീവനം നടത്തുന്നതുമായ ചെറുകിട വ്യാപാര രംഗത്ത് ഇപ്പോൾ വൻകിട കുത്തകകൾ കടന്നുവന്ന് ചെറുകിട കച്ചവടക്കാരെ നശിപ്പിക്കുകയാണ്. മാത്രമല്ല, കർഷകരിൽനിന്ന് നേരിട്ട് സാധനങ്ങൾ സംഭരിച്ച് സ്റ്റോക്ക് ചെയ്യുന്നതുവഴി കൃത്രിമ വിലക്കയറ്റം ഉണ്ടാകാനും ഇടയാകുന്നു. ഷോപ്സ് ആന്റ് എസ്റ്റാബ്ളിഷ്മെന്റ്സ് ആക്ട് അനുസരിച്ച് ചെറുകിട കച്ചവടക്കാർക്ക് ആഴ്ചയിൽ ആറ് ദിവസം മാത്രമേ കട തുറക്കാൻ കഴിയുകയുള്ളൂവെങ്കിൽ വൻകിട കച്ചവടക്കാർക്ക് എട്ട് ദിവസവും കട തുറന്ന് പ്രവർത്തിപ്പിക്കാം.

അതുപോലെതന്നെ വൻകിട കച്ചവടക്കാരുടെ കട വൈകുന്നേരം അടയ്ക്കുന്നതിലും നിബന്ധനയൊന്നുമില്ല. എന്നാൽ ചെറുകിട വ്യാപാരികളുടെ കട രാത്രി 8 മണി വരെ മാത്രമേ തുറന്ന് പ്രവർത്തിപ്പിക്കാൻ പാടുള്ളൂ. ഈ സാഹചര്യത്തിൽ വൻകിട കുത്തകകൾ വ്യാപാര രംഗത്തേയ്ക്ക് കടന്നുവരുന്നത് നിയമംമൂലം നിരോധിക്കണം. പഞ്ചായത്തീരാജ് ആക്ടിൽ ഭേദഗതി വരുത്തി വൻകിട കുത്തകകളെ നിരോധിച്ച് ചെറുകിട കച്ചവടക്കാരെ രക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

**ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ)**: കേരളത്തിലെ പൊതുവിതരണ രംഗവും ആയിരക്കണക്കിന് ചെറുകിട വ്യാപാരികളും നേരിടാൻ പോകുന്ന ഗുരുതരമായ പ്രശ്നമാണ് വൻകിടക്കാരുടെ കടന്നുകയറ്റം. അമേരിക്കൻ കമ്പനിയായ വാൾമാർട്ട്, ഇൻഡ്യയിലെ റിലയൻസ്, ടാറ്റാ, പാന്റലൂൺ പോലുള്ള വിദേശ വൻകിട കുത്തകകളും വ്യാപാരമേഖല കയ്യടക്കുന്നതിന് രംഗപ്രവേശം ചെയ്തിട്ടുണ്ട്. കാർഷിക വിളകൾ ഉൽപ്പാദന കേന്ദ്രത്തിൽനിന്ന് മൊത്തമായി വിലയ്ക്കുവാങ്ങി സംഭരിക്കാനുള്ള നടപടികൾ ഈ കുത്തക കമ്പനികൾ ഇതിനകം ആരംഭിച്ചുകഴിഞ്ഞു. കേന്ദ്ര ഗവൺമെന്റ് അവശ്യ സാധന സംരക്ഷണ നിയമം മരവിപ്പിച്ചതിന്റെ ഫലമായി ഏതൊരാൾക്കും ഭക്ഷ്യധാന്യങ്ങൾ യഥേഷ്ടം സംഭരിക്കുകയും വിൽപ്പന നടത്തുകയും ചെയ്യാൻ അവകാശമുണ്ട്. വിലക്കയറ്റവും കരിഞ്ചന്തയും തടഞ്ഞുനിർത്താൻ സാധനങ്ങളുടെ ലഭ്യത അനിവാര്യമാണ്. എന്നാൽ അവശ്യ സാധനങ്ങൾ വാങ്ങി അവ മൊത്തമായി സംഭരിച്ച് വച്ചാൽ അത് തടയാൻ ഇതുമൂലം കഴിയാതെ വരുന്നു. ഇക്കാര്യം സംസ്ഥാന ഗവൺമെന്റ്

നിരവധി തവണ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതുകൂടാതെ കേന്ദ്ര പാർലമെന്ററി കമ്മിറ്റി കേരളം സന്ദർശിച്ചപ്പോൾ അവരുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഗോതമ്പിന്റേയും പയറുവർഗ്ഗങ്ങളുടേയും മൊത്ത-ചില്ലറ വ്യാപാരികളുടെ സ്റ്റോക്ക് പരിധി നിശ്ചയിച്ചുകൊണ്ട് ഇറക്കിയ സർക്കാർ ഉത്തരവിന്റെ കാലാവധി ദീർഘിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ഇ. സി. ആക്ടിന്റെ കരട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി അയയ്ക്കാനും ഈ ആക്ടിന്റെ പരിധിയിൽ വരാത്ത സാധനങ്ങളുടെ നിയന്ത്രണത്തിനായി നിലവിലുള്ള കൺട്രോൾ ഓർഡറിൽ ഭേദഗതി വരുത്തുന്നതിന് കേന്ദ്ര അനുമതിക്കായി അയയ്ക്കാനും നടപടി സ്വീകരിച്ചുകഴിഞ്ഞു. കേരളത്തിൽ വൻകിട കുത്തക കമ്പനികളുടെ കടന്നുകയറ്റത്തെ നേരിടാനുള്ള മറ്റൊരു ഫലപ്രദമായ മാർഗ്ഗം പൊതുവിതരണരംഗം ശക്തിപ്പെടുത്തുക മാത്രമാണ്. അതിനുവേണ്ടി സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. കേരളത്തിലെ റേഷൻ കടകളും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിലുള്ള മാവേലി സ്റ്റോറുകളും ലാഭ മാർക്കറ്റുകളും മൊബൈൽ മാവേലി സ്റ്റോറുകളും കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും ഗുണനിലവാരമുള്ള സാധനങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും വിതരണം ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്. ബഹുരാഷ്ട്ര കുത്തകകൾ അവരുടെ കമ്പോളം കണ്ടെത്തുന്നത് നഗരപ്രാന്തങ്ങളിലാണ് എന്നത് ശ്രദ്ധേയമാണ്. അത് നേരിടാൻ സപ്ളൈകോ പുതിയ സംരംഭങ്ങളിലായി ഏറെക്കുറെ എല്ലാ സാധനങ്ങളും ഒരു കുടക്കീഴിൽ ലഭിക്കത്തക്കവണ്ണം ജില്ലകൾതോറും പീപ്പിൾസ് ബസാറും തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ഹൈപ്പർ മാർക്കറ്റും തുടങ്ങാനും ശബരി സ്റ്റോറുകളുടെ പ്രവർത്തനം ഗ്രാമപ്രദേശങ്ങളിലേയ്ക്ക്

വ്യാപിപ്പിക്കാനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. കേന്ദ്രാനുമതി ലഭിക്കുന്നതോടെ സംസ്ഥാനത്ത് ഫലപ്രദമായ കമ്പോള നിയന്ത്രണത്തിലൂടെ വിൽപ്പനരംഗത്ത് ബഹുരാഷ്ട്ര കുത്തകകളെ നിയന്ത്രിക്കാനും ചെറുകിട വ്യാപാരികൾക്ക് അവരുടെ പ്രവർത്തനം സുഗമമാക്കാനും കഴിയുന്ന ഒരു സാഹചര്യം സൃഷ്ടിക്കാൻ കഴിയുന്നതാണെന്ന് പ്രത്യാശിക്കുന്നു. അതിനുള്ള നിയമവശങ്ങൾ പരിശോധിക്കുന്നതാണ്.

## (2) റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

**ശ്രീ. വി. എൻ. വാസവൻ** : സംസ്ഥാനത്തെ റോഡ് അപകടങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചാൽ അവ വർദ്ധിച്ചുവരുന്നതായും മിക്ക അപകടങ്ങളിലും ഡ്രൈവർമാർ മദ്യപിച്ചോ അശ്രദ്ധയോടെയോ അമിതവേഗത്തിലോ വാഹനം ഓടിച്ചിരുന്നതായും മനസ്സിലാക്കാം. ടൂവീലറുകളുടെ അപകടങ്ങളാണ് ഏറ്റവും കൂടുതൽ നടന്നിട്ടുള്ളത്. പരിക്കുകളുടെ ഗുരുതരാവസ്ഥയിലേയ്ക്ക് കടക്കുമ്പോൾ ഫുട്പാത്തിൽക്കൂടിപോലും നടക്കാൻ പറ്റാത്ത അവസ്ഥയാണുള്ളത്. ഇങ്ങനെയുള്ള സ്ഥിതിവിശേഷം അടിയന്തിരമായി പരിഹരിക്കാൻ റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും മോട്ടോർ വാഹന വകുപ്പിന്റെ എല്ലാ ഓഫീസുകളിലും വാഹന സൗകര്യങ്ങളോടുകൂടി എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ 24 മണിക്കൂറും പ്രവർത്തിപ്പിക്കാനുള്ള സാഹചര്യമുണ്ടാക്കുകയും ചെയ്യണം. മദ്യപിച്ചും അലക്ഷ്യമായും അമിതവേഗതയിലുമുള്ള ഡ്രൈവിംഗ് തുടങ്ങിയ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കാൻ എല്ലാ ജില്ലകളിലും ഇന്റർസെപ്റ്റർ വാഹനങ്ങൾ ലഭ്യമാക്കുകയും പ്രധാന കവലകളിൽ സർവൈലൻസ് ക്യാമറകൾ

സ്ഥാപിക്കുകയും പോലീസ് സ്റ്റേഷനുകളിൽ ബ്രീത്ത് അനലൈസർ ലഭ്യമാക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമുണ്ടാകണം. മോട്ടോർ വാഹന കേസ്സുകളുടെ ശിക്ഷകൾ വർദ്ധിപ്പിക്കുന്നതിന് ഇന്ത്യൻ പീനൽകോഡ്, മോട്ടോർ വെഹിക്കിൾസ് ആക്ട് എന്നിവ ഭേദഗതി ചെയ്യണം. മദ്യപിച്ച് വണ്ടിയോടിക്കുന്നവരെ പിടിക്കുമ്പോൾത്തന്നെ ലൈസൻസ് സസ്പെൻഡ് ചെയ്യാനും 3 പ്രാവശ്യമായാൽ ലൈസൻസ് റദ്ദുചെയ്യാനുമുള്ള സാഹചര്യമുണ്ടാകണം. റോഡ് സുരക്ഷാ ക്ലബ്ബുകൾ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും രൂപീകരിക്കണം. മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ റോഡ് സേഫ്റ്റി ട്രെയിനിംഗ് സെന്ററും ജില്ലാ കേന്ദ്രങ്ങളിൽ റോഡ് സേഫ്റ്റി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും സ്ഥാപിക്കണം. ലൈസൻസ് പുതുക്കുന്നതിന് മുമ്പായി എല്ലാ അപേക്ഷകർക്കും റോഡ് സുരക്ഷാ ട്രെയിനിംഗ് ഉറപ്പാക്കണം. പ്രധാന റോഡുകളിലും ജില്ലാകേന്ദ്രങ്ങളിലും ആധുനിക സൗകര്യമുള്ള മൊബൈൽ ട്രോമാകെയർ യൂണിറ്റുകൾ ഏർപ്പെടുത്തണം. റോഡപകടങ്ങളുടെ കാരണങ്ങൾ വിശകലനം ചെയ്ത് പരിഹാരം കാണുന്നതിനായി ജില്ലാ കളക്ടറുടെ കീഴിൽ മോട്ടോർ വാഹനം, ഫയർഫോഴ്സ്, പോലീസ്, പൊതുമരാമത്ത്, ആരോഗ്യം എന്നീ വകുപ്പുകളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു മോണിട്ടറിംഗ് സെൽ രൂപീകരിക്കണം. റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): റോഡപകടങ്ങൾ കേരളീയ സമൂഹം വളരെ ഗൗരവത്തിലെടുക്കേണ്ട വിഷയമാണ്. ഇന്ത്യയിലുണ്ടാകുന്ന അപകടങ്ങളിൽ

പത്ത് ശതമാനത്തിലധികം കേരളത്തിലാണുണ്ടാകുന്നത്. വർദ്ധിച്ചുവരുന്ന റോഡപകടങ്ങളുടെ പശ്ചാത്തലത്തിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രസക്തി വളരെ വലുതാണ്. റോഡ് സുരക്ഷാ അതോറിറ്റി ആക്ട് 2007 ഏപ്രിൽ 13-ന് വിജ്ഞാപനം ചെയ്യുകയും അതിനുശേഷം അതനുസരിച്ചുള്ള ചട്ടങ്ങൾ പുറപ്പെടുവിക്കുകയും അതോറിറ്റിയുടെ പ്രഥമയോഗം 18-12-2007-ൽ ചേരുകയും ചെയ്തു. റോഡ് സുരക്ഷാ നയങ്ങളിന്മേൽ സർക്കാരിനെ ഉപദേശിക്കുക, റോഡ് സുരക്ഷാ നിലവാരവും നടപടിക്രമങ്ങളും നിർണ്ണയിക്കുകയും നടപ്പിലാക്കുകയും ചെയ്യുക, റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികളും പ്രോജക്ടുകളും പരിപാടികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കുക, റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കർത്തവ്യ നിർവ്വഹണം നടത്തുന്ന എല്ലാ ഏജൻസികളുടേയും സർക്കാർ വകുപ്പുകളുടേയും പ്രവർത്തനം ഏകോപിപ്പിക്കുക, റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക, ഫണ്ടിന്റെ നടത്തിപ്പ്, റോഡ് സുരക്ഷാ പദ്ധതികളും പരിപാടികളും നടത്തുന്നതിനുള്ള ചെലവ് അനുവദിക്കുക തുടങ്ങിയവയാണ് അതോറിറ്റിയുടെ ചുമതലകൾ. റോഡ് സുരക്ഷാ അതോറിറ്റിയുമായി ബന്ധപ്പെട്ട ആക്ടിന്റെ 10-ാം വകുപ്പു പ്രകാരം സംസ്ഥാനത്ത് ഉപയോഗിക്കുന്ന വാഹനങ്ങളിൽനിന്നും 2008 ജനുവരി മുതൽ ഒറ്റത്തവണ സെസ്സ് ശേഖരിച്ചുവരുന്നു. 2008 ജനുവരിക്കു ശേഷം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേർന്ന് റോഡപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി സുപ്രധാന തീരുമാനങ്ങൾ എടുക്കുന്നുണ്ട്. അതോറിറ്റിക്കുവേണ്ടി ഒരു ആഫീസ് ഉടൻതന്നെ സ്ഥാപിതമാകും.

ഓഫീസിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയും ചെയ്യും. കേരളത്തിലെ പ്രധാന റോഡുകളിലെ അപകടങ്ങളുടെ സാധ്യതകൾ ചൂണ്ടിക്കാണിക്കുന്നതിനും ഒരു റോഡ് സേഫ്റ്റി ആഡിറ്റ് നടത്തുന്നതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനും ശാസ്ത്ര-സാങ്കേതിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായും പി.ഡബ്ല്യു.ഡി. റോഡ്സ് വിഭാഗം ചീഫ് എൻജിനീയർ, നാഷണൽ ഹൈവേ ചീഫ് എൻജിനീയർ എന്നിവർ അംഗങ്ങളായും സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി സെക്രട്ടറി കൺവീനറായും കമ്മിറ്റി രൂപീകരിച്ച് അവരുടെ കണ്ടെത്തലുകൾ രണ്ടാഴ്ചകൾക്കകം റോഡ് സേഫ്റ്റി എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാന് സമർപ്പിക്കുന്നതുമാണ്. വിവിധ ആവശ്യങ്ങൾക്കായി റോഡ് കുഴിച്ചാൽ അത് സമയബന്ധിതമായി മൂടി ടാർ ചെയ്യുന്നതിന് ബന്ധപ്പെട്ട എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം ഈ അതോറിറ്റി ഉടൻ തന്നെ നൽകുന്നതാണ്. റോഡ് പണി നടത്തുമ്പോൾ മുന്നറിയിപ്പിനുള്ള സൈൻ ബോർഡുകൾ സ്ഥാപിച്ചിരിക്കണമെന്നും സുരക്ഷാ നടപടികൾ കൈക്കൊള്ളണമെന്നും അപകടം ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾ എടുത്തിരിക്കണമെന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് ഈ അതോറിറ്റി ഉടൻ തന്നെ നിർദ്ദേശം നൽകുന്നതാണ്. വിവിധതരം വാഹനങ്ങൾക്ക് നിയമപ്രകാരമുള്ള വേഗത പരിധികൾ ശാസ്ത്രീയമായി പഠിച്ച ശേഷം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. മോട്ടോർ വാഹന വകുപ്പിൽ കമ്പ്യൂട്ടർവൽക്കൃത ഡ്രൈവിംഗ് ടെസ്റ്റ് ട്രാക്കുകളും വാഹന പരിശോധന സംവിധാനങ്ങളും സ്ഥാപിക്കുന്നതിനാവശ്യമായ തുക റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നും അനുവദിക്കുന്നതാണ്. സംസ്ഥാനത്ത് തെരഞ്ഞെടുത്ത റോഡുകളിൽ റഡാർ

സർവൈലൻസ് സിസ്റ്റം സ്ഥാപിക്കുന്നതിന് റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതാണ്. വാഹന പരിശോധനയ്ക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് പോലീസ് വകുപ്പിനും മോട്ടോർ വാഹന വകുപ്പിനും അതോറിറ്റിയുടെ ഫണ്ട് അനുവദിക്കുന്നതാണ്. പ്രസ്തുത അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ആഭ്യന്തരം, പൊതുമരാമത്ത്, ആരോഗ്യം, ഗതാഗതം തുടങ്ങിയ വകുപ്പുകളുടെ തലവന്മാർ ഉൾപ്പെട്ടിട്ടുള്ളതിനാൽ റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി ഈ വകുപ്പുകളുടെയെല്ലാം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ കഴിയും. റോഡ് സുരക്ഷാ അതോറിറ്റി പ്രകാരം ഓരോ ജില്ലയിലേയ്ക്കും ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ രൂപീകരിക്കുന്നതോടെ വാഹന അപകടങ്ങൾ കുറയ്ക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## മേശപ്പുറത്തു വച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ 3-ാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തു വച്ചു.

## റിപ്പോർട്ട് സമർപ്പണം

സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ധനകാര്യം

### 2008–09 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതു ചർച്ച (തുടർച്ച)

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: ബഡ്ജറ്റിനെ പിന്താങ്ങുന്നു. 2010-11 ആകുമ്പോൾ റവന്യൂ കമ്മി പൂർണ്ണമായി പരിഹരിക്കപ്പെടുമെന്നും ധനക്കമ്മി

ഇല്ലാതാകുമെന്നുമുള്ള നിശ്ചയദാർഢ്യത്തോടുകൂടിയ ബഡ്ജറ്റ് പ്രഖ്യാപനത്തെ കേരളത്തിലെ ജനങ്ങൾ സ്വാഗതം ചെയ്യുകയാണ്. കേരളത്തെ കടത്തിൽനിന്ന് കരകയറ്റുന്നതിനുതകുന്ന നിരവധി നിർദ്ദേശങ്ങളടങ്ങുന്ന ബഡ്ജറ്റാണിത്. പരമ്പരാഗത വ്യവസായത്തിലേർപ്പെട്ടിരിക്കുന്നവരുടെ ക്ഷേമ പദ്ധതികൾക്ക് പ്രാമുഖ്യം നൽകുന്ന നിരവധി നിർദ്ദേശങ്ങളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കടക്കെണിയിലായ കർഷകരെ രക്ഷിക്കുന്നതിനായി ഇന്ത്യയിലാദ്യമായി കർഷക കടാശ്വാസ കമ്മീഷൻ രൂപീകരിച്ച ഒരു ഗവൺമെന്റാണിത്. കാർഷിക വായ്പയുടെ പലിശയിനത്തിൽ കർഷകരുടെ 150 കോടിയിലധികം രൂപ എഴുതിത്തള്ളിയതിലൂടെ കർഷക ആത്മഹത്യ ഇല്ലാതാവുകയും അവരിൽ ആത്മവിശ്വാസം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ അടിക്കടിയുണ്ടാകുന്ന കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിനും വിലനിയന്ത്രണം യാഥാർത്ഥ്യമാക്കുന്നതിനും സഹായകരമായ ഒരു ബഡ്ജറ്റാണിത്. സംസ്ഥാനത്തെ മുഴുവൻ കൃഷിക്കാർക്കും പ്രയോജനപ്പെടുന്ന ഒരു സമഗ്ര ക്ഷേമപദ്ധതി നടപ്പിലാക്കുവാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മുൻകൈ എടുക്കണം. കേരളത്തിലെ കൃഷിക്കും അനുബന്ധ മേഖലയ്ക്കുമായി 365 കോടി രൂപ മാറ്റിവയ്ക്കുകയും 1000 പച്ചക്കറി ഗ്രാമങ്ങൾ ആരംഭിക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നതിലൂടെ കാർഷിക രംഗത്ത് മൗലികമാറ്റങ്ങൾ പ്രതീക്ഷിക്കാവുന്നതാണ്. കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിൽ പ്രധാനപ്പെട്ട കാര്യം കാർഷിക വിജ്ഞാനം ജനങ്ങളിൽ എത്തിക്കുക എന്നുള്ളതാണ്. അതിനുവേണ്ടി 30.25 കോടി

രൂപ മാറ്റിവച്ചുകൊണ്ട് കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിരിക്കുന്നത് സ്വാഗതാർഹമാണ്. അസംഘടിത മേഖലയിലെ തൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്കായി നിരവധി ക്ഷേമപദ്ധതികളും പെൻഷൻ പദ്ധതികളും ആവിഷ്ക്കരിച്ച് ഇന്ത്യയ്ക്ക് മാതൃക സൃഷ്ടിച്ചിട്ടുള്ള കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ് കർഷകത്തൊഴിലാളികൾക്കായി ഒരു പെൻഷൻ പദ്ധതി പ്രഖ്യാപിച്ചത്. അതിനെത്തുടർന്ന് കയർ, കശുവണ്ടി, കൈത്തറി, ബീഡി, പനമ്പ്, ആർട്ടിസാൻസ്, മത്സ്യബന്ധനം, കെട്ടിട നിർമ്മാണം തുടങ്ങിയ മേഖലകളിലെ തൊഴിലാളികൾക്കും ക്ഷേമപദ്ധതികളും പെൻഷനുകളും നിലവിൽ വന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിവിധ ക്ഷേമ പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനുവേണ്ടി 686 കോടി രൂപ ചെലവഴിച്ചു; ക്ഷേമ പെൻഷനുകൾ 200 രൂപയാക്കി വർദ്ധിപ്പിച്ചു. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് നിത്യോപയോഗ സാധനങ്ങൾക്ക് താരതമ്യേന വിലകുറഞ്ഞ സംസ്ഥാനം കേരളമാണ്. അവ ന്യായമായ വിലയ്ക്ക് നൽകുന്നതിന് കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ സംസ്ഥാന ഗവൺമെന്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന് 311 കോടി രൂപ നൽകിയിരിക്കുകയാണ്. സമഗ്രമായ മാർക്കറ്റ് ഇന്റർവെൻഷനിലൂടെ ഇന്ത്യയ്ക്ക് മാതൃകയായി കേരളത്തിൽ വിലക്കയറ്റം പിടിച്ചുനിറുത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. റിവോൾവിംഗ് ഫണ്ടായി 100 കോടി രൂപയെങ്കിലും സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകുന്നതിനുള്ള പ്രഖ്യാപനമുണ്ടാകണം. ആവശ്യത്തിന്

ഡോക്ടർമാരോ നഴ്സുമാരോ പാരാമെഡിക്കൽ സ്റ്റാഫോ ഇല്ലാതിരുന്ന ആരോഗ്യ വകുപ്പിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിവിധ തസ്തികകളിലായി 5000 പേർക്ക് പുതുതായി നിയമനം നൽകുകകയും മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് 150 സീറ്റുകൾ വർദ്ധിപ്പിക്കുകയും 3 നഴ്സിംഗ് കോളേജുകൾ പുതുതായി തുടങ്ങുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ 30 ശതമാനം വരുന്ന പാവപ്പെട്ടവർക്ക് പൂർണ്ണമായി സൗജന്യ ചികിത്സ ലഭിക്കത്തക്ക വിധത്തിലുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. കൊല്ലം, ആലപ്പുഴ ജില്ലകളിൽ എല്ലാ വിഭാഗം ജനങ്ങൾക്കും സൗജന്യ ചികിത്സ ലഭിക്കത്തക്ക രീതിയിലുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പരീക്ഷിക്കാൻ പോവുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ തകർച്ചയിൽനിന്നും കരകയറുകയാണ്. തിരുവനന്തപുരത്തെ വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് 25 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിന്റെ വികസനത്തിന് ബഡ്ജറ്റിൽ കാര്യമായ ഒരു നിർദ്ദേശവുമില്ല. ടൂറിസ്റ്റ് കേന്ദ്രമായ അരുവിക്കരയിൽ ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കണം. നെടുമങ്ങാട് പോളിടെക്നിക്കിനുവേണ്ടി 30 ലക്ഷം രൂപയെങ്കിലും ബഡ്ജറ്റിൽ മാറ്റിവയ്ക്കണം.

ശ്രീ. കെ.സി. ജോസഫ്: ബഡ്ജറ്റിനെ എതിർക്കുന്നു. മിഥ്യാധാരണകൾ നിറഞ്ഞ ബഡ്ജറ്റാണിത്. ഈ ഗവൺമെന്റ് നികുതി കുടിശ്ശികകൾ പിരിച്ചെടുക്കാൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. പദ്ധതിച്ചെലവ് കുറഞ്ഞതുമൂലം വികസന പ്രവർത്തനങ്ങൾ നടക്കുന്നില്ല. ശമ്പളത്തിനും

പെൻഷനും കൂടുതൽ പണം ചെലവഴിക്കുന്ന ഒരു നടപടിയാണ് സ്വീകരിക്കുന്നത്. കർഷക കടാശ്വാസ കമ്മീഷന്റെ തീരുമാനമനുസരിച്ച് കൃഷിക്കാർക്ക് ഒരു പൈസപോലും കൊടുത്തിട്ടില്ല. ഈ ഗവൺമെന്റ് മലയോര മേഖലയെ ആകെ അവഗണിച്ചു. ഹിൽ ഹൈവേയ്ക്കുവേണ്ടി തുകയൊന്നും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. കേന്ദ്ര സ്കീമായ രാഷ്ട്രീയ സ്വാസ്ത്യ ബീമയോജനയെ കേരള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയാക്കി മാറ്റിയതിനെ അംഗീകരിക്കാനാവില്ല. കായികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്ക് ധനസഹായം പ്രഖ്യാപിച്ചതും സർക്കാർ എയിഡഡ് സ്കൂളുകളിലെ കുട്ടികളുടെ അലവൻസ് വർദ്ധിപ്പിച്ചതും സ്വാഗതാർഹമാണ്. വിലക്കയറ്റം പിടിച്ചുനിറുത്താൻ സിവിൽ സപ്ലൈസ് കോർപ്പറേഷന് ആവശ്യമായ തുക നൽകുന്നതോടൊപ്പം പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുകയും ചെയ്യണം. കണ്ണൂർ വിമാനത്താവളത്തിന് ബഡ്ജറ്റിൽ ആവശ്യമായ തുക മാറ്റിവയ്ക്കണം. കേന്ദ്ര പദ്ധതികളുടെ ഒരാവർത്തനമാണ് ഈ ബഡ്ജറ്റിലുള്ളത്. കേരളത്തിന്റെ വികസനത്തിനോ പുരോഗതിക്കോ സഹായകരമായ ഒരു പദ്ധതിയും ഈ ബഡ്ജറ്റിലില്ല.

<u>ശ്രീ. സി.എം. ദിനേശ് മണി</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കാർഷിക രംഗത്ത് വൻപിച്ച നേട്ടമാണ് ഈ ഗവൺമെന്റ് ഉണ്ടാക്കിയിട്ടുള്ളത്. കേരളത്തിലെ ജനങ്ങൾക്ക് ഏറ്റവും കൂടുതൽ സമാശ്വാസം നൽകുന്ന ഒരു ബഡ്ജറ്റാണിത്. യു.ഡി.എഫ് ഗവൺമെന്റ് താറുമാറാക്കിയ ധനകാര്യ മാനേജുമെന്റിനെ ചിട്ടപ്പെടുത്തിയെടുക്കുകയാണ് ഈ ഗവൺമെന്റ് ചെയ്തിട്ടുള്ളത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വികസന പാതയെന്താണെന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്ത രീതിയിൽ

ബഡ്ജറ്റിലുടനീളം വരച്ചു കാട്ടിയിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് കടുത്ത അവഗണനയാണ് കേരളത്തോട് കാണിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിന് ജനസംഖ്യാനുപാതികമായ പരിഗണന ലഭിച്ചിട്ടില്ല. കേന്ദ്ര വിഹിതം വെട്ടിക്കുറയ്ക്കുകയും സംസ്ഥാന ഗവൺമെന്റുകളെ മറികടന്നുകൊണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കൂടുതൽ പണം ചെലവഴിക്കുകയുമാണ് കേന്ദ്ര ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. ഫണ്ടുകൾ എൻ.ജി.ഒ-കൾവഴി വിതരണം ചെയ്യുന്നതുമൂലം സംസ്ഥാനങ്ങൾക്ക് അർഹമായ പരിഗണന കൊടുക്കുന്നില്ല ഐ.ടി - ടൂറിസം മേഖലകളിൽ ഈ ഗവൺമെന്റിന് നേട്ടങ്ങളുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. മൂന്നാറിലെ അനധികൃത ഭൂമി പിടിച്ചെടുക്കാൻ നടപടി സ്വീകരിച്ചു. കാർഷിക -പരമ്പരാഗത വ്യവസായ മേഖലകൾക്ക് ഊന്നൽ നൽകികൊണ്ടുള്ള സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

<u>ശ്രീ. എം. ഉമ്മർ</u> : ബഡ്ജറ്റിനെ എതിർക്കുന്നു. ഭാവി കേരളത്തെക്കുറിച്ച് യാതൊരു സങ്കല്പവും ബഡ്ജറ്റ് നിർദ്ദേശങ്ങളിലില്ല. പ്രത്യുല്പാദനപരമായ കാര്യങ്ങൾക്കുവേണ്ടി തുക നീക്കിവയ്ക്കാത്തതിന്റെ ഫലമായി വികസന മുരടിപ്പാണ് ഇവിടെ ഉണ്ടാകാൻ പോകുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളോട് കാണിക്കുന്ന മോശമായ സമീപനത്തിന്റെ ഫലമായി പദ്ധതി വിഹിതത്തിൽ നല്ലൊരു ശതമാനവും ചെലവഴിക്കാൻ കഴിയുന്നില്ല. എസ്.എസ്.എ. ഫണ്ട് ഉപയോഗപ്പെടുത്തി ആദിവാസികൾ ഉൾപ്പെടെയുള്ള പാവപ്പെട്ട കുട്ടികൾ പഠിക്കുന്ന 120-ഓളം ഏക അധ്യാപക സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകിയിട്ടും സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിക്കാത്തത് പ്രതിഷേധാർഹമാണ്.

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് കുറ്റകരമായ അനാസ്ഥ ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് ഈ ബഡ്ജറ്റിൽ തുകയൊന്നും നീക്കിവച്ചിട്ടില്ല. ആശുപത്രികളിൽ ജീവൻരക്ഷാ മരുന്നുകൾ ഏത് സമയത്തും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കർഷക കടാശ്വാസവുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകൾ എത്രയാണെന്ന് പറയുന്നതിനോ അപേക്ഷകൾ തരം തിരിക്കുന്നതിനോ ഇതുവരെ സാധിച്ചിട്ടില്ല. ഇ.എം.എസ്. പാർപ്പിട പദ്ധതിയെക്കുറിച്ച് ബഡ്ജറ്റിൽ ഒന്നും പറയുന്നില്ല. സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കാതിരിക്കാനുള്ള നടപടികളുമായിട്ടാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അലിഗർ മുസ്ളീം യൂണിവേഴ്സിറ്റി സെന്റർ മലപ്പുറത്തെ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിൽ സ്ഥാപിക്കാനുള്ള സംവിധാനം ഉണ്ടാകണം.

ശ്രീ. എം.കെ. പ്രേംനാഥ് : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പുതിയ നികുതി നിർദ്ദേശങ്ങളില്ലാതെ ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി പണം നീക്കിവച്ചിട്ടുള്ള ഒരു ബഡ്ജറ്റാണിത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ റവന്യൂ കമ്മിയും ധനകമ്മിയും കുറഞ്ഞുവരികയാണ്. അസംഘടിത മേഖലകളിലെ വിവിധ തൊഴിലാളികളുടെ ക്ഷേമ പെൻഷനുകളിൽ വർദ്ധനവ് വരുത്തി. കുടുംബശ്രീ പദ്ധതിക്കുവേണ്ടി 30 കോടി രൂപ നീക്കിവച്ചിരിക്കുകയാണ്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രശംസനീയമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കർഷക ആത്മഹത്യ കുറഞ്ഞുവരികയാണ്. കർഷക

കടാശ്വാസ പദ്ധതി നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്ത് വിപ്ളവകരമായ മാറ്റമാണ് ഉണ്ടാകാൻ പോകുന്നത്. നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിറുത്തുന്നതിന് ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. കാർഷികോല്പന്നങ്ങളുടെ വിലസ്ഥിരത നിലനിർത്തുന്നതിനുള്ള നടപടികൾ ഈ ബഡ്ജറ്റിലുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 24 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കി. ഉത്തര കേരളത്തിന്റെ വികസനം മലബാർ മേഖലയെ സംബന്ധിച്ചിടത്തോളം സ്വാഗതാർഹമായ കാര്യമാണ്. 'അഴിമതിവിരുദ്ധ വാളയാർ' എന്നുള്ള പ്രഖ്യാപനം പ്രശംസനീയമാണ്. കണ്ണൂരിൽ അക്രമ സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുവേണ്ടി എല്ലാപേരും ഒറ്റക്കെട്ടായി പ്രവർത്തിക്കണം.

ശ്രീ. കെ.എം. മാണി : ബഡ്ജറ്റിനെ എതിർക്കുന്നു. സംസ്ഥാനത്തിന്റെ വളരെ ഗൗരവമേറിയ സാമ്പത്തിക അവലോകനത്തിലേയ്ക്ക് ബഷീറിന്റെ തമാശക്കഥ കലർത്തിയതോടുകൂടി അതിന്റെ ഗൗരവം ഇല്ലാതായി. ബഡ്ജറ്റിലെ മിഥ്യാധാരണകൾ തിരുത്താൻ ആഗ്രഹിക്കുന്നു. 5625 കോടി രൂപ ധനകമ്മിയും 3300 കോടി രൂപ റവന്യൂ കമ്മിയുമുള്ള ഒരു സംസ്ഥാനത്ത് 5144 കോടി രൂപയുടെ പലിശഭാരമുണ്ടെന്നു പറഞ്ഞാൽ അത് സംസ്ഥാനത്തിന്റെ കടക്കെണിയെയാണ് സൂചിപ്പിക്കുന്നത്. സംസ്ഥാന സർക്കാരിന് സഹകരണ സ്ഥാപനങ്ങളിൽനിന്ന് ഇഷ്ടംപോലെ വായ്പ എടുക്കാമെന്നുള്ള ധാരണ പ്രതിപക്ഷത്തിനില്ല. നികുതി വരുമാനം വർഷംതോറും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഈ സർക്കാർ അധികാര

ത്തിൽ വന്നതിനുശേഷം നികുതി കുടിശ്ശിക പിരിക്കുന്നതിനോ കോടതിയിലെ കേസ്സുകൾ ശരിയായി നടത്തുന്നതിനോ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. സംസ്ഥാനത്ത് പലിശബാദ്ധ്യത കൂടിക്കൊണ്ടിരിക്കുകയാണ്. ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നതിൽ നിന്നും വിരുദ്ധമായി കേരളത്തിൽ കമ്മി പെരുകുന്നു എന്നത് ഒരു വസ്തുതയാണ്. പദ്ധതിച്ചെലവ് കുറയുന്നില്ല. 2006-2007-ൽ 1905 കോടി രൂപയുടെ പദ്ധതി പണം സർക്കാർ ചെലവഴിച്ചിട്ടില്ല. ഉദ്യോഗസ്ഥരെ പഴിചാരി ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ സർക്കാരിന് കഴിയില്ല. സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്ന് എടുക്കുന്ന വായ്പ കൺസോളിഡേറ്റഡ് ഫണ്ടിന്റെ ഭാഗമാണ്. 2006-07-ലെ റിവൈസ്ഡ് ബഡ്ജറ്റിൽ പ്ലാൻ ഫണ്ടിൽ കർഷക കടാശ്വാസ കമ്മീഷനുവേണ്ടി നീക്കിവച്ച 100 കോടി രൂപയും കഴിഞ്ഞ വർഷത്തെ പദ്ധതിയേതര ഇനത്തിൽ വകയിരുത്തിയ തുകയും ചെലവഴിച്ചിട്ടില്ല. പദ്ധതി തുക ഈ സർക്കാർ ചെലവഴിക്കുന്നില്ല. വില സ്ഥിരതാ കമ്മീഷനെ നിയമിക്കാത്തതുമൂലം അതിനായി കഴിഞ്ഞ ബഡ്ജറ്റിൽ വകയിരുത്തിയ 60 കോടി രൂപ ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. ഇക്കൊല്ലം അതിനുവേണ്ടി ഒരു പൈസയും നീക്കിവച്ചിട്ടില്ല. കാസർഗോഡ്, ചെല്ലാനം തുടങ്ങിയ സ്ഥലങ്ങളിൽ മത്സ്യബന്ധന തുറമുഖങ്ങൾ ആരംഭിക്കുന്നതിനായി 3 കോടി രൂപ കഴിഞ്ഞ ബഡ്ജറ്റിൽ വകയിരുത്തിയെങ്കിലും ഒരു പൈസപോലും ചെലവഴിച്ചിട്ടില്ല. ഈ ബഡ്ജറ്റിലും അതു സംബന്ധിച്ചുള്ള പ്രഖ്യാപനമുണ്ട്. ഈ സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റ് വളരെ മോശമാണ്. ഈ ബഡ്ജറ്റ് വികസനോന്മുഖമല്ല. സംസ്ഥാനത്തെ ക്യാപിറ്റൽ എക്സ്പെന്റിച്ചറിനേക്കാൾ ജി.ഡി.പി.

വളർച്ചാനിരക്ക് കുറഞ്ഞിരിക്കുകയാണ്; ക്യാപിറ്റൽ ഫോർമേഷൻ കുറവാണ്. ഈ വർഷത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ഫണ്ടിൽ 30 ശതമാനം തുക അടുത്ത വർഷത്തേയ്ക്ക് ക്യാരി ഓവർ ചെയ്യുന്നതിനുള്ള അനുവാദം കൊടുക്കുമെന്ന് ബഡ്ജറ്റിൽ പറയുന്നുണ്ട്. പദ്ധതികൾക്ക് അംഗീകാരം കൊടുക്കാൻ ജില്ലാ വികസന സമിതികളും പ്ലാനിംഗ് ബോർഡും താമസിപ്പിച്ചതിനാലും ട്രഷറി നിയന്ത്രണം മൂലവും പഞ്ചായത്തുകൾക്ക് തനത് ഫണ്ട് ചെലവഴിക്കാൻ സാധിച്ചില്ല. കച്ചവടക്കാരിൽ നിന്ന് ഒരു ശതമാനം സെസ്സ് പിരിക്കുന്നത് പിൻവലിക്കണം. വൻകിട വ്യാപാരികളുടെമേൽ പുറം സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന സാധനങ്ങൾക്ക് സർച്ചാർജ് ചുമത്തിയിരിക്കുന്നത് ഭരണഘടനാവിരുദ്ധമാണ്. അന്തർ സംസ്ഥാന വ്യാപാരത്തിന്മേൽ നികുതി ചുമത്താൻ പാർലമെന്റിനുമാത്രമേ അധികാരമുള്ളൂ. ഭരണഘടനയുടെ ആർട്ടിക്കിൾ 304 (എ) അനുസരിച്ച് സംസ്ഥാനത്ത് ഇറക്കുമതി ചെയ്യുന്ന സാധനങ്ങൾക്ക് സംസ്ഥാനത്തിനകത്തുള്ള നികുതി നിരക്കിൽ കൂടുതൽ നികുതി ചുമത്താൻ പാടില്ല. ആർട്ടിക്കിൾ 304 (ബി) അനുസരിച്ച് ട്രേഡ് റെഗുലേറ്റ് ചെയ്യുകയോ രജിസ്ട്രേഷൻ ഫീസ് കൂട്ടുകയോ ചെയ്യാം. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരം സർക്കാർ ആശുപത്രികൾവഴി രജിസ്ട്രേഷൻ ഫീസും പ്രീമിയവും ഈടാക്കുന്നത് പിൻവലിക്കണം. മണിയോർഡർ മുഖേന നൽകിവരുന്ന കർഷകത്തൊഴിലാളി പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമപെൻഷനുകൾ അതേ രീതിയിൽ ത്തന്നെ നിലനിർത്തണം. കർഷക കടാശ്വാസ കമ്മീഷൻ കൊണ്ടുവന്നതൊഴിച്ചാൽ കാർഷികമേഖലയ്ക്കുവേണ്ടി മറ്റൊന്നും ഈ ഗവൺമെന്റ് ചെയ്തില്ല. ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ

മുല്ലപ്പെരിയാറിൽ പുതിയ ഡാം കെട്ടുമെന്ന് പ്രഖ്യാപിച്ചെങ്കിലും ബഡ്ജറ്റിൽ തുകയൊന്നും നീക്കിവച്ചിട്ടില്ല. യു.ഡി.എഫ്. സർക്കാർ രണ്ടേമുക്കാൽ കോടി രൂപയ്ക്ക് എ.എസ്. കൊടുത്ത ഉഴവൂരിലെ കെ.ആർ. നാരായണൻ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന് വേണ്ടി ബഡ്ജറ്റിൽ നീക്കിവച്ച 25 ലക്ഷം രൂപ തീർത്തും അപര്യാപ്തമാണ്. പദ്ധതികൾക്കുവേണ്ടി വകയിരുത്തിയിട്ടുള്ള തുക കൃത്യമായി ചെലവഴിക്കാത്ത ഉദ്യോഗസ്ഥരുടെ പേരിൽ നിയന്ത്രണം ഏർപ്പെടുത്തണം. വളരെ ഗൗരവമേറിയ സാമ്പത്തിക രേഖയായ ബഡ്ജറ്റിന്റെ വിശ്വാസ്യത നഷ്ടപ്പെട്ടിരിക്കുകയാണ്.

പ്രൊഫ. സി. രവീന്ദ്രനാഥ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സമ്പത്തിന്റെ നീതിപൂർവ്വകമായ വിതരണം, മൂലധന നിക്ഷേപം, സർക്കാർ ഇടപെടൽ, കേന്ദ്ര സഹായം എന്നിങ്ങനെ സമ്പദ് വ്യവസ്ഥയെ മുന്നോട്ടു നയിക്കാനും ഭദ്രമാക്കാനും വേണ്ട നാല് പ്രധാന കാര്യങ്ങളടങ്ങുന്ന വളരെ യുക്തിഭദ്രമായ ഒരു ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. സാമ്പത്തിക വളർച്ചാനിരക്ക് കുറഞ്ഞതായാണ് കേന്ദ്ര സാമ്പത്തിക സർവ്വേ വെളിപ്പെടുത്തുന്നത്. അമേരിക്കയിലെ സ്റ്റോക്ക് മാർക്കറ്റിന്റെ തകർച്ചയാണ് ആഗോളതലത്തിൽത്തന്നെ ഇങ്ങനെ സംഭവിക്കാൻ കാരണം. ആഗോളവും ദേശീയവുമായ സാമ്പത്തിക നയങ്ങൾകൂടി കണക്കിലെടുത്തുകൊണ്ടാണ് ഈ ബഡ്ജറ്റിന് രൂപം നൽകിയിരിക്കുന്നത്. ലോകത്തിൽ ധനമൂലധനം വളർന്നുവരുന്നതോടൊപ്പം ദാരിദ്ര്യവും തൊഴിലില്ലായ്മയും അധികരിച്ചുകൊണ്ടിരിക്കുകയാണ്. വീടില്ലാത്തവരും നിരക്ഷരരും വർദ്ധിക്കുന്നു. സമ്പത്തിന്റെ രൂപീകരണം മാത്രമല്ല അതിന്റെ നീതിപൂർവ്വകമായ വിതരണം ഇല്ലാത്തതുകൊണ്ടാണ്

ഇതൊക്കെ സംഭവിക്കുന്നതെന്നാണ് സാമ്പത്തിക വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നത്. ഹ്യൂമൺ ഡെവലപ്മെന്റ് ഇൻഡെക്സ് പ്രകാരം ഇപ്പോൾ 128-ാം സ്ഥാനത്തുള്ള ഇൻഡ്യ അടുത്ത വർഷം 129-ാം സ്ഥാനത്തേയ്ക്ക് മാറുമെന്നാണ് അറിയുന്നത്. കാർഷിക കടം എഴുതിത്തള്ളുമെന്ന് പ്രഖ്യാപിച്ചപ്പോഴും പൊതുമേഖലാ സ്ഥാപനങ്ങളെ വിൽക്കാനാണ് കേന്ദ്ര സർക്കാർ തീരുമാനമെടുത്തത്. അക്കാര്യത്തിലാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക നയങ്ങൾ തമ്മിലുള്ള വ്യത്യാസം ദൃശ്യമാകുന്നത്. പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും അവയെ നിലനിറുത്തുകയും ചെയ്യുന്ന നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.ക്കും കേരള വാട്ടർ അതോറിറ്റിക്കും ആരോഗ്യ മേഖലയ്ക്കും കെ.എസ്.ഇ.ബിക്കും സഹായം പ്രഖ്യാപിച്ചിട്ടുണ്ട്. സപ്ളൈകോയ്ക്കും കൺസ്യൂമർഫെഡിനും ആവശ്യമായ പണം നൽകാൻ തീരുമാനിച്ചു. ഈ ബഡ്ജറ്റിൽ ഏറ്റവും പ്രധാനപ്പെട്ട ഊന്നൽ കൊടുത്തിട്ടുള്ളത് സമ്പത്തിന്റെ നീതിപൂർവ്വകമായ വിതരണത്തിനാണ്. ആഗോള തലത്തിൽ ധനമൂലധനം വളരുമ്പോൾ പ്രൊഡക്ടീവ് സെക്ടറിലുള്ള ഇൻവെസ്റ്റ്മെന്റ് കുറഞ്ഞുവരികയാണ്. 2002-03 മുതൽ 2006-07 വരെയുള്ള യു.പി.എ. സർക്കാരിന്റെ കാലഘട്ടം പരിശോധിച്ചാൽ ക്യാപിറ്റൽ എക്സ്പെന്റിച്ചർ - ജി.ഡി.പി. റേഷ്യോ കുറഞ്ഞിരിക്കുന്നതായി കാണാം. യു.ഡി.എഫ്. ഭരണകാലത്ത് കേരളത്തിലും ഇത് വ്യത്യസ്തമല്ല. എന്നാൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിപണിയിലെ ഇടപെടൽമൂലം മൂലധന നിക്ഷേപത്തോത്

വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. യു.ഡി.എഫ്. സർക്കാരിന്റെയും എൽ.ഡി.എഫ്. സർക്കാരിന്റെയും മൂലധന നിക്ഷേപ ട്രെൻ്റ് വ്യത്യസ്തമാണ്. റവന്യൂ കമ്മി 3.61 ശതമാനത്തിൽനിന്നും 1.99 ശതമാനമായി കുറഞ്ഞു. ചെലവ് ചെയ്ത് വരുമാനം വർദ്ധിപ്പിച്ചുകൊണ്ടാണ് സംസ്ഥാനത്തിന്റെ റവന്യൂ കമ്മി കുറയ്ക്കേണ്ടത്. റവന്യൂ വരുമാനം 22.1 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. ചെലവഴിച്ചുകൊണ്ട് കമ്മി കുറയ്ക്കാൻ കഴിയുമെന്ന് ലോകത്തിന് കാണിച്ചുകൊടുക്കുകയാണ് ഈ ബഡ്ജറ്റിലൂടെ ചെയ്തിട്ടുള്ളത്. സർക്കാർ ഇടപെട്ട് ജനങ്ങൾക്ക് ആനുകൂല്യം നൽകിക്കൊണ്ട് വരുമാനം വർദ്ധിപ്പിക്കുകയാണ്. റവന്യൂ വരുമാനത്തിന്റെ എൺപത് ശതമാനം ശമ്പളത്തിനും പലിശയ്ക്കുമായി നൽകിയിരുന്നത് 77.7 ശതമാനമായി ചുരുക്കാൻ സാധിച്ചു. റവന്യൂ വരുമാനം കൂടുകയും ധനക്കമ്മി കുറയുകയും ചെയ്തു. കാർഷിക മേഖലയ്ക്കായി കടാശ്വാസ കമ്മീഷനും വില സ്ഥിരത ഫണ്ടും കേന്ദ്ര ഗവൺമെന്റ് സഹായവും നൽകി. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി പശ്ചാത്തല സൗകര്യങ്ങളും ജലസേചന സൗകര്യങ്ങളും വർദ്ധിപ്പിക്കുകയും വൈദ്യുതിക്ക് പണം മാറ്റിവയ്ക്കുകയും ചെയ്തു. കർഷകരുടെ ഉൽപ്പന്നങ്ങൾ പ്രോസസ്സ് ചെയ്ത് വാല്യു ആഡഡ് പ്രോഡക്ടാക്കി കാർഷികാധിഷ്ഠിത വ്യവസായം ആരംഭിക്കാനുള്ള നിർദ്ദേശം നൽകി. പദ്ധതി പണത്തിന്റെ 40 ശതമാനം പഞ്ചായത്തുകൾക്ക് നൽകി. പദ്ധതികൾ നടപ്പിലാക്കാനാവശ്യമായ സ്റ്റാഫിനെ നിയമിച്ചുകൊണ്ട് പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം. ഇ.എം.എസ്. പാർപ്പിട പദ്ധതിക്കാവശ്യമായ പണം അതാത് പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. ഇ. എം. എസ്. പാർപ്പിട പദ്ധതി കൊടകര മണ്ഡലത്തിൽ

ബഹുമാനപ്പെട്ട മുഖ്യമന്ത്രി മാർച്ച് 23-ന് ഉദ്ഘാടനം ചെയ്യുകയാണ്. പഞ്ചായത്തിന്റെ പദ്ധതി വിഹിതവും സഹകരണ സ്ഥാപനങ്ങളിൽനിന്ന് കടമെടുത്തുകൊണ്ടും സഹകരണ അപെക്സ് സ്ഥാപനം രൂപീകരിക്കണം. കേരളത്തിന്റെ സാമ്പത്തിക ഭദ്രതയാണ് ലക്ഷ്യമെങ്കിൽ യുക്തിഭദ്രമായ പ്രോജക്ടുകളുണ്ടാകണം. കേരളത്തിന്റെ സാമ്പത്തിക ഭദ്രത മെച്ചപ്പെടണമെങ്കിൽ യു.ഡി.എഫും എൽ.ഡി.എഫും ഒറ്റക്കെട്ടായി പ്രവർത്തിച്ച് കേന്ദ്രസഹായം വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കാവശ്യമായ തുക ബഡ്ജറ്റിൽ നീക്കിവച്ചുകൊണ്ട് കേരളത്തിന്റെ സമ്പദ്‍വ്യവസ്ഥ ശക്തമാക്കണം.

<u>ശ്രീ. റ്റി. യു. കുരുവിള</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിലെ ജനങ്ങൾക്ക് ഉപയോഗപ്രദമായ കാര്യങ്ങളുള്ള ഒരു ജനകീയ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കർഷകരുടെ കടങ്ങൾ എഴുതിത്തള്ളാനുള്ള കേന്ദ്ര സർക്കാരിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് പലിശയിനത്തിലോ മൂലധന ഇനത്തിലോ ഇളവുകൾ നൽകി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. തരിശ് സ്ഥലങ്ങളിൽ കൃഷിചെയ്ത് ഭക്ഷ്യക്ഷാമം പരിഹരിക്കാനാവശ്യമായ നടപടികൾക്ക് ഊന്നൽ നൽകണം. കോൺട്രാക്ടർമാർക്ക് കൊടുക്കാനുണ്ടായിരുന്ന കുടിശ്ശികയിൽ 867 കോടി രൂപ കൊടുത്തു. ബാക്കി തുകകൂടി നൽകി അവരുടെ ബാദ്ധ്യത തീർക്കുകയും വർക്കുകൾ യഥാസമയം തീർക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. റോഡുകളുടെ മെയിന്റനൻസ് കൃത്യമായി നടത്താനായി കുറച്ചുകൂടി തുക

ഉൾക്കൊള്ളിക്കണം. പ്ളാൻ ഫണ്ടിലേയും നോൺ പ്ളാൻ ഫണ്ടിലേയും തുക വർദ്ധിപ്പിക്കണം. നിയോജക മണ്ഡലങ്ങളിൽ ഓരോ കോടി രൂപയുടെ വർക്കിന് എ. എസ്. കൊടുത്തിട്ടുണ്ട്. എന്നാൽ ടി. എസ്. കൊടുക്കണമെങ്കിൽ ബഡ്ജറ്റിൽ തുക അനുവദിക്കണം. മൊത്തം ഫണ്ടിൽ കുറവ് വന്നതിനാൽ വർക്കുകൾക്ക് സ്തംഭനം ഉണ്ടാകാതെ കോൺട്രാക്ടർമാർക്ക് കൊടുക്കേണ്ട കുടിശ്ശിക കൊടുത്തുതീർക്കുകയും നിലവിലുള്ള റോഡുകളുടെ സ്ഥിതി മോശമാകാതെ നന്നാക്കാനുള്ള ക്രമീകരണമുണ്ടാക്കുകയും ചെയ്യണം.

**ശ്രീ. വി. ശിവൻകുട്ടി**: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സമൂഹത്തിലെ അവശരെയും ദരിദ്രരെയും ചൂഷണം അനുഭവിക്കുന്നവരെയും പരിഗണിച്ചുകൊണ്ടുള്ള ബഡ്ജറ്റാണിത്. സ്ത്രീകൾ, ന്യൂനപക്ഷങ്ങൾ, കർഷകർ, വൃദ്ധജനങ്ങൾ, പരമ്പരാഗത മത്സ്യത്തൊഴിലാളികൾ എന്നിവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനുള്ള പദ്ധതികളാണ് ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്. മഹാഭൂരിപക്ഷം ജനങ്ങൾക്കും ക്ഷേമം നൽകുന്ന പദ്ധതികളാണ് ബഡ്ജറ്റിലുള്ളത്. സമസ്ത മേഖലകളെയും സംരക്ഷിച്ചുകൊണ്ടുള്ള ബഡ്ജറ്റാണിത്. വികസനത്തിന്റെ പേരിൽ വൻകിട പദ്ധതികളുടെ പുറകേ പോകുന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നയമല്ല. പരമ്പരാഗത വ്യവസായം, കൃഷി, പൊതുമരാമത്ത്, സ്വകാര്യ മേഖല, സേവന മേഖല, പൊതു വിദ്യാഭ്യാസം എന്നീ രംഗങ്ങളിൽ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു ബഡ്ജറ്റാണിത്. 188 കോടി രൂപയുടെ അധിക വിഭവ സമാഹരണം ബഡ്ജറ്റിൽ ലക്ഷ്യമിടുന്നു. 25.12 കോടി രൂപയുടെ ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. കേരള വാട്ടർ

അതോറിറ്റിയുടേയും കെ.എസ്.ആർ.ടി.സി.യുടേയും കുടിശ്ശികകൾ എഴുതിത്തള്ളിക്കൊണ്ട് അവയുടെ പ്രവർത്തനം മെച്ചപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യ്ക്ക് 1000 പുതിയ ബസ്സുകൾ അനുവദിച്ചു. കാഷ്വൽ സ്വീപ്പർമാരുടെ വരുമാനം 1000 രൂപയായി വർദ്ധിപ്പിച്ചു.. സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഒരു പ്രായോഗിക പ്രവർത്തന പരിപാടി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് 10 കോടി രൂപ മാറ്റിവച്ചു. വയോജന പെൻഷൻ 250 രൂപയാക്കി. എല്ലാ ക്ഷേമ പെൻഷനുകളും 200 രൂപയാക്കി. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി; പാവപ്പെട്ടവർക്ക് ആശുപത്രി കേന്ദ്രീകരിച്ച് 2 രൂപയ്ക്ക് ഭക്ഷണം നൽകുന്ന പദ്ധതി എന്നിവ നടപ്പാക്കും. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിച്ചു. പൊതുമേഖലാ വ്യവസായത്തിന് 50 കോടി രൂപ നൽകി. മത്സ്യത്തൊഴിലാളികളുടെ കടാശ്വാസ പദ്ധതിക്ക് 10 കോടി രൂപ വകയിരുത്തി. അംഗൻവാടി ജീവനക്കാർക്ക് പെൻഷൻ അനുവദിച്ചതുവഴി ധാരാളം കുടുംബങ്ങൾക്ക് ആശ്വാസമുണ്ടാകും. സംസ്ഥാനത്ത് ഭൂബാങ്ക് രൂപീകരണം ഉണ്ടായി. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് 25 കോടി രൂപ നീക്കിവച്ചു. ചാലക്കമ്പോളം 'ന്യൂ ചാല പദ്ധതി'യായി പൂർത്തീകരിക്കും. ആറ്റുകാൽ ടൗൺഷിപ്പ് ഈ വർഷംതന്നെ പൂർത്തിയാക്കും. തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് പുന:സ്ഥാപിക്കണം. മുടങ്ങിക്കിടക്കുന്ന റോഡുകളുടെ നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് ബഡ്ജറ്റിൽ ഉൾപ്പെടുത്തണം. നികുതി വരുമാനം വർദ്ധിപ്പിക്കാനും റവന്യൂ കമ്മി കുറയ്ക്കാനും കഴിഞ്ഞത് സ്വാഗതാർഹമാണ്. കേരളത്തിൽ അയൽക്കൂട്ടങ്ങളും കുടുംബശ്രീയും

നന്നായി പ്രവർത്തിക്കുന്നു. സാമൂഹ്യനീതി ഉറപ്പാക്കുന്നതും വികസനോന്മുഖവുമായ ഒരു ബഡ്ജറ്റാണിത്.

<u>ശ്രീ. എം. മുരളി:</u> ബഡ്ജറ്റിനെ എതിർക്കുന്നു. ചില തത്വശാസ്ത്രങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ ധനകാര്യസ്ഥിതിയെക്കുറിച്ച് തെറ്റായ ചിത്രമാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. പോളിസി ആന്റ് സ്ട്രാറ്റജി സ്റ്റേറ്റ്മെന്റ് പരിശോധിച്ചാൽ മിഥ്യാധാരണകൾ എന്നു പറഞ്ഞുകൊണ്ട് 9 ഖണ്ഡികകളിൽ ജനങ്ങൾ അറിയാൻ ആഗ്രഹിക്കുന്ന യാഥാർത്ഥ്യങ്ങൾ മുഴുവൻ മറച്ചുവച്ചുകൊണ്ട് പുതിയ ചില വാദമുഖങ്ങളാണ് മുന്നോട്ട് വച്ചിരിക്കുന്നത് എന്ന് മനസ്സിലാക്കാം. 2011 ആകുമ്പോൾ ധനകമ്മി പൂജ്യത്തിലെത്തുമെന്നുള്ള വാദം യാഥാർത്ഥ്യമാക്കാൻ കഴിയുകയില്ല. പുരോഗമനപരവും വികസനപരവുമായ പ്രവർത്തനങ്ങൾക്കുവേണ്ടി എന്തു തുക വകയിരുത്തിയിട്ടുണ്ട് എന്നതാണ് ഒരു ബഡ്ജറ്റിനെ വിലയിരുത്താനുള്ള മാനദണ്ഡം. നടപ്പുവർഷത്തെ മൂലധന ചെലവായ 1499.20 കോടിരൂപ (റവന്യൂ വരുമാനത്തിന്റെ 7 ശതമാനം) കൈവരിക്കാൻ കഴിയുമോയെന്നത് പരിശോധിക്കേണ്ടതാണ്. പുതിയ ബഡ്ജറ്റിലെ മൂലധന ചെലവും കഴിഞ്ഞ ബഡ്ജറ്റിലെ മൂലധന ചെലവും തമ്മിൽ 60 കോടി രൂപയുടെ വ്യത്യാസമാണുള്ളത്. ആ തുകകൊണ്ട് എത്രമാത്രം വികസനം കൈവരിക്കാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് പരിശോധിക്കേണ്ടിയിരിക്കുന്നു. ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് പൂർണ്ണമായും ഇല്ലാത്ത ബഡ്ജറ്റാണിത്. ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റിന്റെ കാര്യത്തിൽ കാണിച്ചിരിക്കുന്ന അവഗണന കാരണം കേരളം വികസന പ്രതിസന്ധിയിലേയ്ക്ക് പോവുന്ന

സ്ഥിതിയുണ്ടാകും. പതിനൊന്നാം പദ്ധതിയുടെ ത്രസ്റ്റായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങളൊന്നും ബഡ്ജറ്റിലില്ല. ടൂറിസം മേഖല ശക്തിപ്പെടുന്നതും വരുമാനമുണ്ടാകുന്നതും. ലക്ഷക്കണക്കിന് വിദേശികൾ വരുന്നതുകൊണ്ടാണ്. നീർത്തട പദ്ധതിയെ ഉയർത്തിപ്പിടിച്ചുകൊണ്ട് തൊഴിലവസരങ്ങളുണ്ടാക്കുമെന്ന് പറയുന്നുണ്ടെങ്കിലും വ്യാവസായിക-കാർഷിക രംഗങ്ങളിൽ പുതിയ തൊഴിലവസരമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഊർജ്ജം, ജലസേചനം എന്നീ മേഖലകൾക്കായി കഴിഞ്ഞ രണ്ട് ബഡ്ജറ്റുകളിലും ഉൾപ്പെടുത്തിയിരുന്ന കാര്യങ്ങൾ പൂർത്തീകരിക്കുകയോ അവയ്ക്ക് തുക വകയിരുത്തുകയോ ചെയ്തിട്ടില്ല. ഒരു വർഷത്തിനുമുമ്പ് പ്രഖ്യാപിച്ച ഇ.എം.എസ്. പാർപ്പിട പദ്ധതിപ്രകാരം ഒരു വീട് പോലും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്ര സർക്കാരിന്റെ ബഡ്ജറ്റിലെ പല പദ്ധതികളും പുതിയ പേരിൽ ഇവിടെ അവതരിപ്പിച്ചിരിക്കുകയാണ്. വിമാനക്കമ്പനികൾ യാത്രക്കാർക്ക് ചാർജ്ജ് കുറച്ചുകൊടുക്കുമെന്ന് പറഞ്ഞ് ഏവിയേഷൻ ടർബൈൻ ഫ്യുവലിന്റെ നികുതി കുറച്ചുകൊടുത്തിരിക്കുന്നത് സദുദ്ദേശത്തോടെയല്ല. ഉപഭോക്താക്കളിൽനിന്നും ഈടാക്കിയ മൊബൈൽ റീ-ചാർജ്ജ് കൂപ്പണുകൾക്കുള്ള വാറ്റ് മൂന്ന് വർഷത്തെ മുൻകാലപ്രാബല്യത്തോടെ ഒഴിവാക്കിയതിന്റെ ഗുണം ഉപഭോക്താക്കൾക്ക് ലഭിക്കുകയില്ല. ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ കാലിത്തീറ്റയ്ക്ക് സബ്സിഡി കൊടുക്കുമെന്ന് പറഞ്ഞുവെങ്കിലും അതിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. യാഥാർത്ഥ്യബോധമില്ലാത്ത ഒരു ബഡ്ജറ്റാണിത്.

<u>ശ്രീ. എ. എ. അസീസ് </u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരള ചരിത്രത്തിലെ സർവ്വകാല റിക്കാർഡാണ് ഈ ബഡ്ജറ്റ്. സംസ്ഥാനത്തെ

സമസ്ത മേഖലയിലുള്ളവർക്കും ആശ്വാസം പകരുന്ന ബഡ്ജറ്റാണിത്. കാർഷിക കടം എഴുതിത്തള്ളുന്നതിന് ബഡ്ജറ്റിൽ പ്രത്യേകമായി തുക വകകൊള്ളിച്ചിട്ടുണ്ട്. പരമ്പരാഗത വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനും, പൊതുമേഖലയെ സംരക്ഷിക്കുന്നതിനും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. സച്ചാർ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് 10 കോടി രൂപ വകയിരുത്തിയിരിക്കുന്നത് ഇന്ത്യാ ചരിത്രത്തിൽതന്നെ ആദ്യമായുള്ള കാര്യമാണ്. സംസ്ഥാനത്തിന്റെ വികസനം ലക്ഷ്യമിടുന്ന സമഗ്രമായ ബഡ്ജറ്റാണിത്.

ശ്രീ. എ. സി. മൊയ്തീൻ : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സാധാരണക്കാർക്കായി ക്ഷേമപദ്ധതികളും പരമ്പരാഗത വ്യവസായം, കൃഷി, പൊതുമേഖലാ വ്യവസായം എന്നിവയെ സംരക്ഷിക്കുന്നതിനുള്ള സമഗ്രമായ നിർദ്ദേശങ്ങളും പദ്ധതികളും ബഡ്ജറ്റിലുണ്ട്. വികസനോന്മുഖമായ ഒരു ബഡ്ജറ്റാണിത്. ഫാസിസ്റ്റ് പ്രവണത പ്രകടിപ്പിക്കുന്ന ആർ.എസ്.എസ്.നെതിരെ മതനിരപേക്ഷ പാർട്ടിയെന്ന നിലയിൽ കോൺഗ്രസ്സ് ശബ്ദമുയർത്തുന്നില്ല എന്നുള്ളത് ഖേദകരമാണ്. ആർ.എസ്.എസ്.-കാരെ സഹായിക്കുന്ന നിലപാടാണ് യു.ഡി.എഫ്. നേതൃത്വം സ്വീകരിക്കുന്നത്. സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച പാലോളി കമ്മിറ്റി നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനായി 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി. മുസ്ലീം ന്യൂനപക്ഷങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കാനുള്ള നടപടിയാണ് ഈ ഗവണ്മെന്റ് സ്വീകരിക്കുന്നത്. വരുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ ആർ.എസ്.എസ്സുമായി ചേർന്ന് സഖ്യമുണ്ടാക്കാനുള്ള ശ്രമത്തിലാണ്

പ്രതിപക്ഷം. കഴിഞ്ഞ 5 വർഷം കൊണ്ട് യു.ഡി.എഫ്. തകർത്ത കേരളത്തെ പരിമിതമായ സാമ്പത്തിക വിഭവങ്ങൾക്കകത്തുനിന്നുകൊണ്ട് പുനർനിർമ്മിക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാനുള്ള ശ്രമത്തിലാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ്. കഴിഞ്ഞ രണ്ട് വർഷംകൊണ്ട് കേരളത്തിലെ കൃഷിക്കാരെ രക്ഷിക്കാനായി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് സ്വീകരിച്ച നയത്തിന്റെ ഭാഗമായി കർഷക ആത്മഹത്യ കുറഞ്ഞിട്ടുണ്ട്. പരമ്പരാഗത വ്യവസായ മേഖലയിൽ തൊഴിലും ക്ഷേമ പദ്ധതികളും ഉറപ്പുവരുത്താനും കുടിശ്ശിക പെൻഷൻ തുക പരമാവധി കൊടുത്തുതീർക്കാനും ഈ സർക്കാരിന് സാധിച്ചു. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് വിൽക്കാൻ തീരുമാനിച്ച പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കാനുതകുന്ന നിർദ്ദേശങ്ങളാണ് ഈ ബഡ്ജറ്റിലുള്ളത്. ഈ ഗവൺമെന്റ് ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങൾ ഓരോന്നായി നടപ്പിലാക്കി മുന്നോട്ടുപോകുകയാണ്. കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാൻ ഈ ഗവണ്മെന്റിന് കഴിഞ്ഞു എന്നുള്ളത് സ്വാഗതാർഹമാണ്. അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനായി കൂടുതൽ സംഖ്യ ബഡ്ജറ്റിൽ നീക്കിവയ്ക്കണം. തൃശൂർ ജില്ലയിലെ സഹകരണസംഘങ്ങളെക്കൂടി ഉൾപ്പെടുത്തി നെല്ല് സംഭരിക്കാൻ നടപടി സ്വീകരിക്കണം. കുട്ടനാട്, തൃശൂർ കോൾ മേഖലയുടെ വികസനത്തിനായി പ്രത്യേക പാക്കേജ് രൂപീകരിക്കണം. തൃശൂർ ജില്ലയിലെ ഓട് വ്യവസായ മേഖല നേരിടുന്ന കളിമൺ പ്രതിസന്ധിക്ക് പരിഹാരം കാണാനും ശാസ്ത്രീയമായ പഠനം നടത്തി കളിമണ്ണ് സംരക്ഷിക്കാനും ബഡ്ജറ്റിൽ കൂടുതൽ തുക നീക്കിവയ്ക്കണം.

<u>ശ്രീ. പി.ടി.എ. റഹീം</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഓർഫനേജ് നിവാസികൾക്കുള്ള ഗ്രാന്റ് വർദ്ധിപ്പിച്ച നടപടി ആശ്വാസപ്രദമാണ്. ഓർഫനേജസ് കൺട്രോൾ ബോർഡിന് പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് രൂപീകരിക്കാൻ 10 ലക്ഷം രൂപ ബഡ്ജറ്റിൽ നീക്കിവയ്ക്കണം. ഗ്ലാസ്, പ്ളേറ്റ് തുടങ്ങിയ പേപ്പർ ഉപകരണങ്ങളെക്കൂടി നികുതിയിൽ നിന്ന് ഒഴിവാക്കണം. സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രായോഗിക പ്രവർത്തനപരിപാടി ആവിഷ്ക്കരിക്കുന്നതിന് നിയോഗിച്ച പാലോളി കമ്മിറ്റിക്ക് 10 കോടി രൂപ നീക്കിവച്ചത് സ്വാഗതാർഹമാണ്. മുസ്ലീം ന്യൂനപക്ഷങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന ഒരു ഗവണ്മെന്റാണിത്.

<u>ശ്രീമതി ജെ. അരുന്ധതി</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തുന്ന യാഥാർത്ഥ്യബോധത്തോടുകൂടിയ ഒരു ബഡ്ജറ്റാണിത്. കേന്ദ്ര ബഡ്ജറ്റിൽ 60000 കോടി രൂപയുടെ കാർഷിക വായ്പ എഴുതിത്തള്ളുമെന്ന് വാഗ്ദാനം ചെയ്തിരിക്കുകയാണ്. ഇതിനാവശ്യമായ തുക ഏത് രീതിയിൽ കണ്ടെത്തുമെന്നുള്ള കാര്യം വ്യക്തമാക്കണം. ഇറക്കുമതി ചുങ്കം ഈടാക്കുമെന്നുള്ള കേന്ദ്ര ഗവണ്മെന്റ് പ്രഖ്യാപനത്തിന്റെ ഫലമായി സംസ്ഥാനത്ത് ഉൽപ്പാദന മുരടിപ്പും ഭക്ഷ്യക്ഷാമവും അനിയന്ത്രിതമായ വിലക്കയറ്റവും ഉണ്ടാകാൻ പോവുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ചിട്ടയായ ധനകാര്യ മാനേജുമെന്റിലൂടെ സംസ്ഥാനത്തിന്റെ കടബാധ്യത ആഭ്യന്തര വരുമാനത്തിന്റെ 39.1 ശതമാനത്തിൽ നിന്ന് 37.6 ശതമാനമായി കുറച്ചുകൊണ്ടുവരാനും വിൽപ്പന നികുതിയിലും മൂല്യവർദ്ധിത നികുതിയിലും ശരാശരി 32 ശതമാനം വർദ്ധനവ് കൈവരിക്കാനും കഴിഞ്ഞു.

നികുതി കുടിശ്ശിക പിരിവ് നിർബന്ധിതവും സൗകര്യപ്രദവുമാക്കണം. ക്ഷേമ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്ന ഈ ഗവൺമെന്റ് അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി ശമ്പള വർദ്ധനവ് നൽകുകകയും പെൻഷൻ അനുവദിക്കുകയും ചെയ്തിട്ടുള്ളത് നിസ്സാര കാര്യമല്ല. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് ഈ ഗവൺമെന്റ് രൂപം കൊടുക്കുകയാണ്. ലക്ഷംവീട് പദ്ധതിയുടെ പുനരുദ്ധാരണത്തിനായി നീക്കിവച്ചിട്ടുള്ള 17.5 കോടി രൂപ അവയുടെ പുനർനിർമ്മാണത്തിനായി ഇ.എം.എസ്. ഭവന പദ്ധതിയിലുൾപ്പെടുത്തി സമയബന്ധിതമായി നടപ്പാക്കുന്നത് നന്നായിരിക്കും. തിരുവനന്തപുരത്തെ പോത്തൻകോട് മുതൽ വാമനപുരം വരെയുള്ള റോഡിന്റെ പണിയുടെ കാര്യത്തിൽ കിട്ടിയ പ്രൊപ്പോസലുകൾക്ക് അംഗീകാരം കൊടുത്തുകൊണ്ട് ഒരു കോടി രൂപയുടെ മരാമത്ത് വർക്കുകൾ നടപ്പിലാക്കാൻ പി.ഡബ്ലിയു.ഡി. തയ്യാറാകണം. തദ്ദേശഭരണ വകുപ്പ് കാര്യക്ഷമമാക്കി അനുവദിച്ച തുക ചെലവഴിക്കാൻ കഴിയണം. പഞ്ചായത്തുകൾക്ക് അത്യാവശ്യംവേണ്ട ജീവനക്കാരെ കൊടുത്ത് പാസ്സാക്കിയെടുത്ത പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാനാവശ്യമായ നിർദ്ദേശം കൊടുക്കുന്നത് നന്നായിരിക്കും. നബാർഡ് ഫണ്ട് ചെലവാക്കുന്നതിലെ അപാകതകൾ പരിശോധിക്കണം.. തിരുവനന്തപുരത്ത് ഒരു ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനാവശ്യമായ തീരുമാനമുണ്ടാകുകയും ബഡ്ജറ്റിൽ ആവശ്യമായ തുക നീക്കിവയ്ക്കുകയും ചെയ്യണം. പൊതുവിതരണ രംഗത്ത് റേഷൻ സബ്സിഡിയായും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ധനസഹായമായും

മുൻ ഗവൺമെന്റിന്റെ കാലത്ത് 177 കോടി രൂപയാണ് നൽകിയിരുന്നതെങ്കിൽ ഈ ഗവൺമെന്റ് 311 കോടി രൂപ നൽകിയിട്ടുണ്ട്. എ.പി.എൽ. വിഭാഗത്തിന് കുറച്ചുകൂടി താഴ്ന്ന നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ കൊടുക്കുന്നതിനുള്ള തീരുമാനമുണ്ടാകണം. ഒരു പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ എന്നുള്ളത് രണ്ടാക്കി വർദ്ധിപ്പിക്കാൻ കഴിയുമോയെന്ന് ആലോചിക്കണം. ആത്മഹത്യചെയ്ത കർഷകരുടെ കുടുംബങ്ങളെ കർഷക കടാശ്വാസ നിയമംമൂലം സഹായിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞു. ഇന്ത്യയിലെ കർഷകരുടെ പ്രശ്നം പരിഹരിക്കുന്നതിന് ഒരു ദേശീയ കർഷക കടാശ്വാസ കമ്മീഷൻ കൊണ്ടുവരേണ്ടത് ആവശ്യമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 20 വർഷമായി ആശുപത്രികളിൽ ക്ലീനിംഗ് ജോലികൾ ചെയ്യുന്നവർക്ക് പ്രൊമോഷനും തത്തുല്യ ശമ്പള വർദ്ധനവും നൽകിയതും പബ്ലിക് ഹെൽത്ത് നഴ്സുമാരെ പ്രൊമോട്ട് ചെയ്തതും നിസ്സാരകാര്യമല്ല. എൻ.ആർ.എച്ച്.എം. ഫണ്ട് വിനിയോഗത്തിൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ ഉത്തരവാദിത്വത്തിൽ എൻ.ജി.ഒ. ഫണ്ട് വിനിയോഗിക്കുന്നതിന് നടപടിയുണ്ടാകണം.

<u>ശ്രീ. സി.എച്ച്. കുഞ്ഞമ്പു:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ജനപ്രിയവും വികസനത്തിന് പുതിയ ദിശാബോധം നൽകുന്നതും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതും അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതുമായ ഒരു ബഡ്ജറ്റാണിത്. 2010-11 ആകുമ്പോൾ റവന്യൂ കമ്മിയും ധനക്കമ്മിയും പരിപൂർണ്ണമായും ഇല്ലാതാകുമെന്നാണ്

പ്രതീക്ഷിക്കുന്നത്. കാർഷിക- വ്യാവസായിക-വിദ്യാഭ്യാസ ക്ഷേമ രംഗങ്ങളിൽ ഈ ബഡ്ജറ്റ് ഊന്നൽ നൽകിയിട്ടുണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കാർഷിക പ്രതിസന്ധിമൂലം ബുദ്ധിമുട്ടിയിരുന്ന കർഷകർക്ക് ആശ്വാസം പകരുന്ന ഒന്നായിരുന്നു ഈ ഗവൺമെന്റിന്റെ കർഷക കടാശ്വാസ കമ്മീഷൻ. വയനാട് ജില്ലയിൽ കർഷക കടാശ്വാസ കമ്മിഷൻ നിർദ്ദേശിച്ച ആനുകൂല്യങ്ങൾ നൽകി. കേരളത്തിലെ കൃഷിക്കാർക്ക് പെൻഷനും ക്ഷേമ പദ്ധതിയും കാർഷികോൽപ്പന്നങ്ങൾക്ക് വിലസ്ഥിരതയും ഏർപ്പെടുത്താൻ തീരുമാനിക്കുകയും കയർ-കശുവണ്ടി-ഖാദി മേഖലകളെ സംരക്ഷിക്കുന്ന തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുകയും ചെയ്തിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർഫെഡ് എന്നിവ വഴി മാർക്കറ്റ് ഇന്റർവെൻഷൻ നടത്തി വിലനിലവാരം പിടിച്ചുനിറുത്താനുള്ള നടപടികൾ സ്വീകരിച്ചു. പാവപ്പെട്ടവർക്ക് കിലോയ്ക്ക് 5 രൂപ നിരക്കിൽ ആഴ്ചയിൽ 10 കിലോ അരിവീതം നൽകുന്ന പദ്ധതി ആവിഷ്ക്കരിക്കണം. സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാലോളി കമ്മിറ്റിയുടെ പ്രവർത്തനത്തിനായി 10 കോടി രൂപ ബഡ്ജറ്റിൽ മാറ്റിവയ്ക്കുകയും മദ്രസ അധ്യാപകർക്ക് പെൻഷനും പാവപ്പെട്ട മുസ്ലീം പെൺകുട്ടികൾക്ക് സ്കോളർഷിപ്പും ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പിന്നോക്കാവസ്ഥ യിലുള്ള കാസർഗോഡ് ജില്ലയ്ക്ക് കൂടുതൽ വിദ്യാഭ്യാസ പരിഗണന നൽകുകയും കാസർഗോഡ് ജില്ലയിലെ കന്നഡ സംസാരിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഒരു കന്നഡ മീഡിയം എം.ആർ.എസ്. അനുവദിക്കുകയും ചെയ്യണം. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഭരണകാലത്ത് വ്യവസായ

സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന 12 വ്യവസായ സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിനും പൂട്ടിക്കിടന്ന പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു. വ്യവസായ ആവശ്യത്തിനുവേണ്ടി മാറ്റിവച്ചിട്ടുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുകയും വ്യവസായവൽക്കരണത്തിൽ കാസർഗോഡ് ജില്ലയ്ക്ക് പരിഗണന നൽകുകയും ചെയ്യണം. ഉന്നത വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ സ്ഥാപനങ്ങളുണ്ടാക്കാനും നിലവിലുള്ള യൂണിവേഴ്സിറ്റികൾ ആധുനികവൽക്കരിക്കാനും നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കാസർഗോഡ് ജില്ലയുടെ വികസനത്തിന് 3 കോടി രൂപ അധികം നൽകാമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞിരുന്നത് ഈ വർഷം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കണം. ഉത്തരമേഖലാ വികസനത്തിന്റെ പാക്കേജിൽ സമൂലമായ മാറ്റം വരുത്തണം. കേരളത്തിന്റെ പൊതു ധനസ്ഥിതി നോക്കുമ്പോൾ വരവ് കുറവും ചെലവ് കൂടുതലുമാണ്. കഴിഞ്ഞതവണ സ്വർണ്ണ വ്യാപാരികളിൽനിന്ന് 4 ശതമാനം സെസ്സ് പിരിച്ചാണ് കർഷകത്തൊഴിലാളികൾക്ക് പെൻഷൻ നൽകിയത്.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സാമൂഹ്യനീതിയും ക്ഷേമ പ്രവർത്തനവും ലക്ഷ്യമാക്കുകയും റവന്യൂ കമ്മിയും ധനക്കമ്മിയും കുറച്ച് സംസ്ഥാനത്തെ സമ്പദ്ഘടനയുടെ അസന്തുലിതാവസ്ഥയ്ക്ക് പരിഹാരം കാണുകയും ചെയ്യാനുള്ള ശ്രമം ബഡ്ജറ്റിൽ ശ്രദ്ധേയമാണ്. പരമ്പരാഗത വ്യവസായ മേഖലയ്ക്ക് പ്രോത്സാഹനം നൽകുന്ന നടപടികൾ സ്വീകരിച്ചു. ഖാദി വ്യവസായ മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകണം. ഭൂമിശാസ്ത്രപരമായ

പ്രത്യേകതകൾ കണക്കിലെടുത്ത് മുഴപ്പിലങ്ങാടിയുടെ വികസനത്തിനു വേണ്ടി പ്രത്യേകം തുക നീക്കിവയ്ക്കണം.

ശ്രീമതി ഇ.എസ് ബിജി മോൾ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ചിട്ടയായ സാമ്പത്തിക ആസൂത്രണത്തിലൂടെ റവന്യൂ കമ്മി ഇല്ലാതാക്കാനുള്ള ലക്ഷ്യം മുൻനിർത്തി വരവും ചെലവും തമ്മിലുള്ള അന്തരം കുറച്ച് വികസനപ്രവർത്തനങ്ങൾക്കാവശ്യമായ വായ്പയെടുത്ത് ലക്ഷ്യത്തിലെത്തിക്കാൻ ശാസ്ത്രീയമായ ആസൂത്രണത്തിന് തുടക്കം കുറിച്ച ഒരു ക്ഷേമ ബഡ്ജറ്റാണിത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 686 കോടി രൂപ ക്ഷേമ പെൻഷനുകൾ കൊടുക്കുന്നതിനുവേണ്ടി ചെലവഴിച്ചു. കർഷകത്തൊഴിലാളികളുടേയും കയർ, കശുവണ്ടി, മൽസ്യബന്ധനം, ബീഡി., കെട്ടിടനിർമ്മാണം എന്നീ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെയും പെൻഷൻ 200 രൂപയായി വർദ്ധിപ്പിച്ചതും സ്ത്രീകളുടെ സ്വയംസഹായ സംഘങ്ങൾക്കുവേണ്ടി 30 കോടി രൂപ മാറ്റിവച്ചതും കുടുംബശ്രീയിലെ ബാങ്ക് വായ്പയുടെ പലിശ നിരക്ക് എട്ട് ശതമാനമാക്കുമെന്നുള്ള പ്രഖ്യാപനവും സ്വാഗതാർഹമാണ്. സാമൂഹ്യ നീതി നിഷേധിക്കപ്പെട്ടവരുടെ പരിരക്ഷയാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. വയോജന പെൻഷൻ 250 രൂപയായി വർദ്ധിപ്പിച്ചതും അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും കാര്യത്തിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും പ്രശംസനീയമാണ്. കായികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ സംരക്ഷണത്തിനായി 10 കോടി രൂപ മാറ്റിവച്ചതും സ്പെഷ്യൽ സ്കൂളിലെ കുട്ടികൾളുടെ പ്രതിമാസ അലവൻസ്

വർദ്ധിപ്പിക്കുന്നതിന് തുക മാറ്റിവച്ചതും നല്ല കാര്യമാണ്. പൊതുവിതരണ രംഗം ശക്തിപ്പെടുത്തുന്നതിന് മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി 200 കോടി രൂപ അനുവദിക്കാൻ നടപടി സ്വീകരിക്കണം. പീരുമേട്ടിൽ ഡയറി സയൻസ് കോളേജ് ആരംഭിക്കണം. . തുറന്ന തോട്ടങ്ങൾ പൂട്ടാതിരിക്കാൻ നടപടി സ്വീകരിക്കണം. തോട്ടം തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കൊടുക്കുന്ന കാര്യത്തിൽ നയപരമായ തീരുമാനമെടുക്കണം. തോട്ടം തൊഴിലാളികൾക്ക് സോഫ്റ്റ് ലോൺ കൊടുക്കുന്നതിനെക്കുറിച്ച് ഗൗരവതരമായി ആലോചിക്കണം. ദീർഘകാലം ജോലി ചെയ്ത തോട്ടം തൊഴിലാളികൾക്ക് മാനേജുമെന്റ് വാഗ്ദാനം ചെയ്ത ആനുകൂല്യങ്ങൾ ലഭ്യമാക്കണം. മുല്ലപ്പെരിയാർ ഡാമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി ബഡ്ജറ്റിൽ 10 കോടി രൂപ പ്രത്യേകമായി വകയിരുത്താൻ നടപടി സ്വീകരിക്കണം. റോഡ് പണികൾക്ക് എ.എസ് കൊടുക്കുന്ന കാര്യത്തിൽ ധൃതഗതിയിൽ നടപടി സ്വീകരിക്കണം.

ശ്രീ. സി.കെ.പി പത്മനാഭൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സാമ്പത്തിക നില തകർന്ന് കടമെടുക്കാൻ സാദ്ധ്യതയില്ലാത്ത, റവന്യൂ വരുമാനം മുഴുവൻ പലിശയ്ക്കുവേണ്ടി ചെലവഴിക്കേണ്ടിവന്ന പാവപ്പെട്ടവർക്ക് പെൻഷൻ കൊടുക്കാൻ സാധിക്കാത്ത, വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടിയ ഒരു സാഹചര്യമായിരുന്നു ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴുണ്ടായിരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് രണ്ട് വർഷം പിന്നിട്ടപ്പോൾ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വൻപിച്ച നേട്ടമുണ്ടാക്കാനും പാവപ്പെട്ടവർക്കുള്ള പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കാനും സാധിച്ചു. കർഷകത്തൊഴിലാളി പെൻഷൻ 200

രൂപയാക്കി ഉയർത്താൻ നടപടി സ്വീകരിച്ചു. അംഗൻവാടി ജീവനക്കാരുടെ പെൻഷൻ തുക വർദ്ധിപ്പിച്ചു. കർഷകർക്ക് ആരോഗ്യ ഇൻഷ്വറൻസ് കൊണ്ടുവരാൻ നടപടി സ്വീകരിച്ചു. കാർഷിക മേഖലയിലും മത്സ്യബന്ധന മേഖലയിലും ടൂറിസം രംഗത്തും വിവര സാങ്കേതിക രംഗത്തും വിദ്യാഭ്യാസ മേഖലയിലും വൻപിച്ച നേട്ടമുണ്ടാക്കാൻ സാധിച്ചു. സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതിന് പണം നീക്കിവച്ചു. വൻകിടക്കാരുടെ നികുതി കുടിശ്ശിക മുഴുവൻ പിരിച്ചെടുക്കുമെന്നുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. ആർ.എസ്.എസ്സ്. - എൻ.ഡി.എഫ്. ശാഖകളും ആയുധ പരിശീലനവും നിറുത്തണം. ഇറക്കുമതിയുടെ ഭാഗമായിട്ടുള്ള കെടുകാര്യസ്ഥതയിൽനിന്ന് കൃഷിക്കാരെ രക്ഷിക്കണം.

ശ്രീ.കെ. ബാബു : ബഡ്ജറ്റിനെ എതിർക്കുന്നു. സംസ്ഥാനത്തെ വികസനത്തിന് ഊന്നൽ നൽകുന്ന ഒരു ബഡ്ജറ്റല്ല ഇത്. പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചതു മാത്രമാണ് സ്വാഗതാർഹമായിട്ടുള്ള കാര്യം. സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളെല്ലാം സ്വന്തം പദ്ധതികളായി ഈ ഗവണ്മെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്. പുതിയ പദ്ധതികളൊന്നും പ്രഖ്യാപിച്ചിട്ടില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയ പല റോഡ് പണികളും ഈ ഗവൺമെന്റ് നിറുത്തിയതിനുശേഷം ഇപ്പോൾ വീണ്ടും രണ്ടാംഘട്ട വികസനം എന്ന പേരിൽ ആരംഭിച്ചിരിക്കുകയാണ്. ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികളൊന്നുംതന്നെ നടപ്പിലാക്കുന്നില്ല. കെ.എസ്.ടി.പി.-യുടെ പേരിൽ സംസ്ഥാനത്തിന് 120 കോടി രൂപയുടെ നഷ്ടമുണ്ടായി. ഈ ഗവൺമെന്റിന്റെ മൂന്ന് ബഡ്ജറ്റുകളിലൂടെ 541 കോടി രൂപയുടെ അധിക

ബാധ്യത ജനങ്ങളുടെമേൽ അടിച്ചേൽപിച്ചിരിക്കുകയാണ്. സാധാരണക്കാരെ കൊള്ളയടിക്കുകയും വൻകിടക്കാരെ സഹായിക്കുകയും ചെയ്യുന്ന പ്രഖ്യാപനങ്ങളാണ് ബഡ്ജറ്റിലുളളത്. ഇ.എം.എസ്. പാർപ്പിട പദ്ധതി അട്ടിമറിച്ചിരിക്കുകയാണ്. പൊതുമാർക്കറ്റിൽ ഇടപെടുന്നതിന് പരിധിയില്ലാതെ പണം കൊടുക്കുമെന്ന് പറയുന്നതല്ലാതെ എത്ര തുക നൽകുമെന്ന് വ്യക്തമാക്കിയിട്ടില്ല. അക്രമം ആരുടെ ഭാഗത്തുനിന്നുണ്ടായാലും അതിനെ എതിർക്കുന്ന നയമാണ് കോൺഗ്രസ്സിനുള്ളത്.

**അറിയിപ്പ്**

മി. സ്പീക്കർ : ഇന്ന് കൂടിയ ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് മാർച്ച് 13-ാം തീയതി സഭ മുമ്പാകെ വരുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്നുള്ള പ്രമേയത്തിനുള്ള ഭേദഗതി നോട്ടീസുകൾ മാർച്ച് 12-ാം തീയതി ഉച്ചയ്ക്ക് 1.00 മണിവരെയും പ്രസ്തുത ബില്ലിന്റെ വകുപ്പുകൾക്കുള്ള ഭേദഗതി നോട്ടീസുകൾ അന്നേദിവസം വൈകുന്നേരം 5.00 മണി വരെയും സ്വീകരിക്കുന്നതാണ്.

(സഭ ഉച്ചയ്ക്കുശേഷം 3.50-ന് പിരിഞ്ഞു.)

****************